**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 50** **10-06-2024 - ൽ മറുപടിയ്ക്ക്**

**എ.ഡി.എൻ.എസ്. തസ്തികയിലേക്കുള്ള നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |

(എ) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് നാഷണൽ സേവിങ്ങ്സ് തസ്തികയിൽ 133/2020,134/2020,135/2020 എന്നീ കാറ്റഗറികളിലായി എത്ര ഒഴിവുകളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; പ്രസ്തുത വകുപ്പിലെ ഓഫീസ്/ജില്ല തിരിച്ചുള്ള ഒഴിവിന്റെ വിശദാംശം ലഭ്യമാക്കാമോ;

(എ) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തികയിലെ ഓരോ കാറ്റഗറിയിലും ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ള ആകെ ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു;

| **ക്രമ നം.** | **കാറ്റഗറി** | **കാറ്റഗറി നമ്പർ** | **ഒഴിവുകളുടെ എണ്ണം** |
|---|---|---|---|
| 1 | Category A | 133/2020 | 7 |
| 2 | Category B | 134/2020 | 6 |
| 3 | Category C | 135/2020 | 6 |
| | **ആകെ** | | 19 |

ജില്ല തിരിച്ചുള്ള ഒഴിവിന്റെ വിശദാംശങ്ങൾ

| **ക്രമനമ്പർ** | **ജില്ല** | **ഒഴിവുകൾ** |
|---|---|---|
| 1 | തിരുവനന്തപുരം (ഡയറക്ടറേറ്റ്-1 ജില്ലാ ഓഫീസ് -2) | 3 |
| 2 | കൊല്ലം | 1 |
| 3 | പത്തനം തിട്ട | 1 |
| 4 | ആലപ്പുഴ | 1 |
| 5 | കോട്ടയം | 1 |
| 6 | ഇടുക്കി | 1 |
| 7 | എറണാകുളം | 2 |
| 8 | തൃശ്ശൂർ | 2 |
| 9 | മലപ്പുറം | 1 |
| 10 | പാലക്കാട് | 1 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>11</td><td>കോഴിക്കോട്</td><td>2</td></tr>
<tr><td>12</td><td>വയനാട്</td><td>1</td></tr>
<tr><td>13</td><td>കണ്ണൂർ</td><td>1</td></tr>
<tr><td>14</td><td>കാസറഗോഡ്</td><td>1</td></tr>
<tr><td></td><td>ആകെ</td><td>19</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ട് മൂന്നു മാസം ആകുമ്പോഴും നിയമന ശിപാർശ അയയ്ക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; നിയമന ശിപാർശ എന്നത്തേക്ക് അയയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;</td><td>(ബി)</td><td>കാറ്റഗറി നം.133/2020 തസ്തികയുടെ നിയമന ശുപാർശയുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നും വിരുദ്ധ ഉത്തരവുകൾ വന്നതിനാൽ, പ്രസ്തുത കാറ്റഗറിയുമായി ബന്ധപ്പെട്ട 7 ഒഴിവുകൾ അഡ്വൈസ് ചെയ്യുന്നത് കോടതിയിൽ നിന്നും തുടർ ഉത്തരവ് വരുന്നതുവരെ താൽകാലികമായി മാറ്റിവെക്കാൻ പബ്ലിക് സർവ്വീസ് കമ്മീഷൻ ഉത്തരവായിരുന്നു. മൂന്ന് റാങ്ക് പട്ടികകളിൽ നിന്നുള്ള നിയമന ശിപാർശകൾ 1 : 1 : 1 എന്ന അനുപാതത്തിൽ ഒരുമിച്ചാണ് നടത്തുന്നത്. ആയതിനാൽ ഒരു തസ്തികയ്ക്ക് നിയമന ശിപാർശ നടത്താതെ മറ്റ് രണ്ട് തസ്തികകളുടെ നിയമന ശിപാർശ നടത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ കാറ്റഗറി 133/2020 തസ്തികയുടെ നിയമന ശിപാർശ സംബന്ധിച്ച അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ മറ്റ് രണ്ടു കാറ്റഗറികളുടെയും നിയമന ശിപാർശ അയക്കുന്നതാണ് എന്ന് പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>133/2020 കാറ്റഗറി നമ്പറുമായി ബന്ധപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ നടപടികൾ മൂലം 134/2020, 135/2020 എന്നീ കാറ്റഗറികളിലെ നിയമന നടപടികൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;</td><td>(സി)</td><td>കാറ്റഗറി നം.133/2020 തസ്തികയുടെ നിയമന ശുപാർശയുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നും വിരുദ്ധ ഉത്തരവുകൾ വന്നതിനാൽ, പ്രസ്തുത കാറ്റഗറിയുമായി ബന്ധപ്പെട്ട 7 ഒഴിവുകൾ അഡ്വൈസ് ചെയ്യുന്നത് കോടതിയിൽ നിന്നും തുടർ ഉത്തരവ് വരുന്നതുവരെ താൽകാലികമായി മാറ്റിവെക്കാൻ പബ്ലിക് സർവ്വീസ് കമ്മീഷൻ ഉത്തരവായിരുന്നു. മൂന്ന് റാങ്ക് പട്ടികകളിൽ നിന്നുള്ള നിയമന ശിപാർശകൾ 1 : 1 : 1 എന്ന അനുപാതത്തിൽ ഒരുമിച്ചാണ് നടത്തുന്നത്. ആയതിനാൽ ഒരു തസ്തികയ്ക്ക് നിയമന ശിപാർശ നടത്താതെ മറ്റ് രണ്ട് തസ്തികകളുടെ നിയമന ശിപാർശ നടത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ കാറ്റഗറി 133/2020 തസ്തികയുടെ നിയമന ശിപാർശ സംബന്ധിച്ച അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ മറ്റ് രണ്ടു കാറ്റഗറികളുടെയും നിയമന ശിപാർശ അയക്കുന്നതാണ് എന്ന് പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ട് മൂന്നര വർഷം പിന്നിട്ടിട്ടും എ.ഡി.എൻ.എസ്. നിയമനം നടക്കാത്തതു മൂലം ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സാരമായി തടസ്സപ്പെടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ?</td><td>(ഡി)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് ധനകാര്യ വകുപ്പിലെ 6 ഉദ്യോഗസ്ഥരെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ